(2) ഗവേഷണ-വികസന പരിപാടിയുടെ ഭാഗമായി പരിസ്ഥിതി മലിനീകരണ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും പഠിശീലനവും സംഘടിപ്പിക്കുന്നതിന് സർക്കാർ-സർക്കാരിതര സംഘടനകളെ സഹായിക്കുന്നു.

(3) പരിസ്ഥിതി-മലിനീകരണ ബോധവൽക്കരണത്തിന് സഹായകരമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയും അതിന്റെ വിജയത്തിന് പൊതുജനത്തിനുള്ള പങ്ക് വിവരിച്ചുകൊടുക്കുന്നതിനും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡുവഴി വിവിധ പൊതുജന സമ്പർക്ക മാദ്ധ്യമങ്ങൾ ഉപയോഗിച്ചുവരുന്നു. ഇതിനായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും സെമിനാറുകൾ നടത്തിവരുന്നു. റേഡിയോയിലും ടെലിവിഷനിലും പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പരിപാടികളിൽ പങ്കെടുക്കുകയും പരസ്യങ്ങൾ വഴിയും ലഘുരേഖകൾ വഴിയും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചു ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നു. ബോർഡിന്റെ നടപ്പു പഞ്ചവത്സര പദ്ധതിയിൽ ഇത്തരം പദ്ധതികൾക്കായി പതിനഞ്ചുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം പൊതുജനസമ്പർക്കം മെച്ചപ്പെടുത്തുന്നതിനായി ബോർഡിന്റെ ഹെഡ് ഓഫീസിൽ പൊല്യൂഷൻ അവയർനസ് ആന്റ് അസിസ്റ്റന്റ് സെന്റർ പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതി സംബന്ധിച്ച വിവരങ്ങളും നിർദ്ദേശങ്ങളും ഇവിടെനിന്നും നൽകിവരുന്നു. ഒരു എൻവയർമെന്റൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രം പരാതി പരിഹാരത്തിന്റേയും ചുമതല വഹിക്കുന്നു.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

253 (2467) മലബാർ മാർക്കറ്റ് കമ്പനിയിലെ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദിരാശി കമ്മേർസിയൽ ക്രോപ്സ് മാർക്കറ്റ് ആക്ട് പ്രകാരം രൂപീകൃതമായ മലബാർ മാർക്കറ്റ് കമ്പനിയിലെ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ചുള്ള നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഡി) റഗുലേറ്റഡ് മാർക്കറ്റ് സമ്പ്രദായം നടപ്പിലാക്കുവാൻ ഒരു കരട് ബിൽ തയ്യാറാക്കിയിരുന്നുവോ; എങ്കിൽ ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ റഗുലേറ്റഡ് മാർക്കറ്റ് സമ്പ്രദായം നടപ്പാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) മാർക്കറ്റ് കമ്മിറ്റിയുടെ ആസ്തിബാദ്ധ്യതകൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നമുറയ്ക്ക് പെൻഷൻകാരുടെ കാര്യവും തീരുമാനിക്കുന്നതാണ്.

(ഡി) റഗുലേറ്റഡ് മാർക്കറ്റിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് പല സ്ഥലത്തും കർഷകരിൽ നിന്നും പ്രതികൂലമായ പ്രതികരണം ഉണ്ടായിട്ടുള്ളതുകൊണ്ട് സംസ്ഥാനത്തൊട്ടാകെ റെഗുലേറ്റഡ് മാർക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുക പ്രായോഗികമല്ല.

254(2488) തലശ്ശേരിയിലെ ക്യാൻസർ ആശുപത്രിയുടെ നിർമ്മാണം.

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ ക്യാൻസർ ആശുപത്രിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ബി) ഇതിനുവേണ്ടി എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റ് ആണ് അംഗീകരിച്ചിട്ടുള്ളത്;

(സി) ആവശ്യമായ തുക എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) ഇതിൽ കേന്ദ്ര സംസ്ഥാനസർക്കാരുകളുടേയും മറ്റ് ഏജൻസികളുടേയും വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ആശുപത്രി നിർമ്മാണത്തിനായി ഇതിനോടകം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിനുവേണ്ട എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനി എത്ര തുക നൽകാം എന്ന് ഏറ്റിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനകം ഈ കമ്പനി എത്ര തുക നൽകിയിട്ടുണ്ട്;

(ജി) ഈ കമ്പനിയുമായി ആശുപത്രി നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(എച്ച്) പ്രസ്തുത കമ്പനി എവിടെയാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഐ) ഈ കമ്പനിയുമായി ഉണ്ടാക്കിയ കരാർ ഏതടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ജെ) പ്രസ്തുത ക്യാൻസർ ആശുപത്രിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ആശുപത്രിയുടെ കെട്ടിട നിർമ്മാണ ജോലികൾ പുരോഗമിച്ചു വരുന്നു.

(ബി) ആശുപത്രിയുടെ മൊത്തം ചെലവ് 103 കോടി രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

1138/2010.

LIBRARY ARCHIVES Kerala Legislative Assembly